(ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുന്ന സി. നമ്പർ 8966 ബിജു രാധാകൃഷ്ണൻ എന്ന പ്രതിയെ 12-11-2015-ൽ സാക്ഷി വിസ്താരത്തിന് ഹാജരാക്കാതിരുന്നതിനും ടിയാനെ 10-12-2015 തീയതി രാവിലെ 9.00 മണിക്ക് കമ്മീഷൻ മുൻപാകെ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും രാവിലെ 10.00 മണിക്ക് ശേഷമേ ഹാജരാക്കിയുള്ളൂ എന്നത് സംബന്ധിച്ചും ജയിൽ അധികാരികളോട് വിശദീകരണം തേടിയിരുന്നു.

(ഇ) കമ്മീഷൻ മുമ്പാകെയുള്ള വെളിപ്പെടുത്തലുകളിന്മേൽ എന്തെങ്കിലും തുടർനടപടി ആവശ്യമുണ്ടെങ്കിൽ ആയത് സ്വീകരിക്കേണ്ടത് കമ്മീഷൻ തന്നെയാണ്.

കസ്തൂരിരംഗൻ റിപ്പോർട്ട്

17 (*167) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കരട് വിജ്ഞാപനത്തിൽ ഭേദഗതി വരുത്താനായി കേരളം നൽകിയ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനവുമായി ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ചയിൽ സംസ്ഥാനം നൽകിയ റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ ഉന്നയിച്ച തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ജനവാസ കേന്ദ്രവും പരിസ്ഥിതി ദുർബ്ബല മേഖലയും വേർതിരിച്ച് അടയാളപ്പെടുത്തിയത് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ മുൻ കേന്ദ്ര സർക്കാരിന്റേതിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും നിലപാട് ഇപ്പോഴത്തെ സർക്കാരിനുണ്ടോ; വിശദമാക്കാമോ;

(എഫ്) കരട് വിജ്ഞാപനം അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾക്കാണ് നിരോധനം തുടരുക എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) കേരളം നൽകിയ റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) ഉണ്ട്. 10-3-2014-ൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് ജനങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിക്കുകയും ആയത് കൂടി ഉൾക്കൊണ്ട് ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി 4-9-2015-ൽ പുതുക്കിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജിനെ ഒരു യൂണിറ്റായി പരിഗണിക്കുക, ഇ.എസ്.എ നിശ്ചയിക്കുമ്പോൾ ചെറിയ ചെറിയ ഭാഗങ്ങളായി കണക്കാക്കാതെ തുടർച്ചയായുള്ള മേഖലകളായി കണക്കാക്കുക, വനം പൂർണ്ണമായും സംരക്ഷിക്കുക എന്നീ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. എന്നാൽ കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് വില്ലേജുകളെ മൊത്തമായി ESA ആയി കണക്കാക്കുക എന്നത് പ്രായോഗികമല്ലായെന്നും റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക മേഖല എന്നിവയെ ESA യുടെ പരിധിയിൽപ്പെടുത്തി സംരക്ഷിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി വകുപ്പു മുൻപാകെ സമർപ്പിച്ചിട്ടുള്ളത്. ESA സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ ഒന്നിലധികം തവണ ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) അന്തിമ തീരുമാനമായിട്ടില്ല.

(ഇ) മുൻ കേന്ദ്രസർക്കാർ ഇറക്കിയ കരട് വിജ്ഞാപനത്തിലുള്ള കാര്യങ്ങളിൻമേൽ തന്നെയാണ് നിലവിലുള്ള സർക്കാരും തുടർ നടപടികളുമായി മുന്നോട്ട് പോകുന്നത്.

(എഫ്) 4-9-2015-ൽ SO 2435(E) ആയി പുറപ്പെടുവിച്ചിട്ടുള്ള കരട് വിജ്ഞാപന പ്രകാരം ഖനനം, താപോർജ്ജ നിലയങ്ങൾ, 20,000 ചതുരശ്ര മീറ്ററിലേറെ വിസ്തൃതിയുള്ള കെട്ടിടങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും, 50 ഹെക്ടറും അതിലേറെയും വിസ്തൃതിയുള്ള ടൗൺഷിപ്പുകളും, വികസന പ്രോജക്ടുകളും അഥവാ 1,50,000 ചതുരശ്ര മീറ്ററും അതിലേറെയും വിസ്തൃതി ഉള്ളവ, റെഡ് കാറ്റഗറി വ്യവസായങ്ങൾ എന്നിവയ്ക്കാണ് പ്രധാനമായും നിരോധനമുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly